# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2791 — 14.2.2013 ന് മറുപടിയ്ക്ക്

## സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. എ. റ്റി. ജോർജ് :<br>ശ്രീ. പി. എ. മാധവൻ :<br>ശ്രീ. ആർ. സെൽവരാജ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം ആരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) പദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്കിൽ ഡവലപ്മെന്റ് പോളിസി നിർദ്ദേശങ്ങൾക്കും റിവ്യൂവിനുമായി ബഹു. മുഖ്യമന്ത്രി ചെയർമാനും തൊഴിൽ വകുപ്പ് സെക്രട്ടറി മെമ്പർ സെക്രട്ടറിയുമായി "സ്റ്റേറ്റ് സ്കിൽ ഡവലപ്മെന്റ് കൗൺസിലും" ചീഫ് സെക്രട്ടറി ചെയർമാനും എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായി സ്റ്റേറ്റ് സ്കിൽ ഡവലപ്മെന്റ് കോ-ഓർഡിനേഷൻ ബോർഡും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ തൊഴിൽ വകുപ്പിന്റെ കീഴിൽ ചീഫ് സെക്രട്ടറി ചെയർമാനായി, "കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്" (KASE) എന്ന നോൺ പ്രോഫിറ്റ് കമ്പനി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രോഗ്രാമിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) 2022-ഓടെ രാജ്യത്ത് 500 ദശലക്ഷം തൊഴിൽ വൈദഗ്ദ്ധ്യം നേടിയവരെ വാർത്തെടുക്കുക എന്ന ദേശീയ ലക്ഷ്യത്തെ സഹായിക്കുന്ന പ്രവർത്തനം രൂപപ്പെടുത്തുക എന്നതാണ് പ്രധാന ലക്ഷ്യം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവർക്ക് വൊക്കേഷണൽ |

ട്രെയിനിംഗ് പ്രൊവൈഡേഴ്സ് വഴി സ്കിൽ അപ്ഗ്രഡേഷൻ പദ്ധതി നടപ്പിലാക്കുക, ഐ.ടി.ഐ. കളിൽ സ്കിൽ അപ്ഗ്രഡേഷൻ പദ്ധതി നടപ്പിലാക്കുക തുടങ്ങിയവ ഇതിന്റെ ലക്ഷ്യത്തിൽപ്പെടുന്നു.

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ;

(സി) കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, പൊതു സ്വകാര്യ ഏജൻസികൾ എന്നിവ വഴിയാണ് പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് സ്കിൽ ഡവലപ്മെന്റ് പ്രവർത്തനം ഏകോപിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനുമായി വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് എന്ന ഒരു നോൺ പ്രോഫിറ്റ് കമ്പനിക്ക് ഇതിനകം രൂപം നൽകിയിട്ടുണ്ട്.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) സ്കിൽ ഡവലപ്മെന്റ് കൗൺസിൽ, സ്കിൽ ഡവലപ്മെന്റ് കോ-ഓഡിനേഷൻ ബോർഡ് എന്നിവ രൂപീകരിച്ചിട്ടുണ്ട്. സ്കിൽ ഡവലപ്മെന്റ് പോളിസി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ പെട്രോളിയം, ടൂറിസം, ജെംസ് & ജൂവലറി, നഴ്സിംഗ് തുടങ്ങിയ മേഖലകളിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നതിനുള്ള പദ്ധതി രൂപീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ